**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1375** **18-01-2021 - ൽ മറുപടിയ്ക്ക്**

**പെരുമ്പെട്ടിയിലെ കൈവശകർഷകർക്ക് പട്ടയവിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം | | **Shri E. Chandrasekharan**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** | |
| (എ) | പെരുമ്പെട്ടിയിലെ കൈവശകർഷകർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടം വരെയായി; എത്രപേർക്കാണ് പട്ടയം നൽകാൻ ഉദ്ദേശിക്കുന്നത്; ഇനി എന്തൊക്കെ നടപടികളാണ് പൂർത്തിയാക്കാനുള്ളത്; വിശദീകരിക്കാമോ; | (എ) | പെരുമ്പെട്ടി വില്ലേജിലെ പൊന്തൻപുഴയിലെ 512 കുടുംബങ്ങളുടെ കൈവശഭൂമിയുടെ പട്ടയ നടപടികൾ കൈകൊണ്ടുവരുകയാണ് . വൃക്ഷവില ഈടാക്കുന്നതുമായി ബന്ധപ്പെട്ട് രാജകീയ വൃക്ഷങ്ങൾ ഉൾപ്പെടെയുള്ള ചില വൃക്ഷങ്ങൾ പരിശോധനയിൽ വിട്ടു പോയിട്ടുള്ളതായി വനം വകുപ്പ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ വൃക്ഷങ്ങളുടെ കണക്കെടുപ്പ് വീണ്ടും നടത്തുന്നതിന് ടീമിനെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ വനഭൂമിയാണ് എന്ന തെറ്റിദ്ധാരണയിൽ 01/01/1977ന് മുമ്പ് വന ഭൂമി കൈയ്യേറി കൈവശം വച്ചു വരുന്ന ഭൂമിക്ക് പട്ടയം അനുവദിക്കുന്നതിലേയ്ക്കായി വനം വകുപ്പുമായി ചേർന്നു നടത്തിയ സംയുക്ത പരിശോധനയിൽ മല്ലപ്പള്ളി താലൂക്കിലെ പെരുമ്പെട്ടി വില്ലേജിലെ കൈവശങ്ങളും ഉൾപ്പെട്ടിട്ടുള്ളതിനാൽ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | ഇവിടുത്തെ കൈവശകർഷകർക്ക് പട്ടയം നൽകുന്നതിന് എന്തെങ്കിലും തടസ്സവാദം വനം വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണ് പ്രശ്നം; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. വനഭൂമിയാണ് എന്ന തെറ്റിദ്ധാരണയിൽ 01/01/1977ന് മുമ്പ് വന ഭൂമി കൈയ്യേറി കൈവശം വച്ചു വരുന്ന ഭൂമിക്ക് പട്ടയം അനുവദിക്കുന്നതിലേയ്ക്കായി വനം വകുപ്പുമായി ചേർന്നു നടത്തിയ സംയുക്ത പരിശോധനയിൽ മല്ലപ്പള്ളി താലൂക്കിലെ പെരുമ്പെട്ടി വില്ലേജിലെ കൈവശങ്ങളും ഉൾപ്പെട്ടിട്ടുള്ളതാണ്. അപ്രകാരം സംയുക്ത പരിശോധനയിൽ വനഭൂമി കയ്യേറിയിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ള 1970.04 ഹെക്ടർ ഭൂമിയ്ക്ക് പട്ടയം നൽകുന്നതിന് കേന്ദ്ര ഗവൺമെന്റിൽ നിന്നും അനുമതിയ്ക്കായി പ്രൊപോസൽ സമർപ്പിച്ചിട്ടുണ്ട്. പെരുമ്പട്ടി വില്ലേജിലെ ഭൂമിയുമായി ബന്ധപ്പെട്ട നിലവിൽ കൈവശം വച്ചിരിക്കുന്ന ഭൂമി വനംവകുപ്പിന്റെ 31/5/1958 ലെ നോട്ടിഫിക്കേഷൻ നം. F(A)2- |

| | | | |
|---|---|---|---|
| | | | 1089/57/ AD ന്റെ പരിധിക്കു പുറത്താണോ പരിധിയ്ക്കുള്ളിലാണോ എന്നത് സംബന്ധിച്ച് തർക്കം നിലനിൽക്കുന്നതിനാൽ ടി സർവ്വേ നമ്പറിൽപ്പെട്ട മൊത്തം ഭൂമിയും വീണ്ടും ജോയിന്റ് സർവ്വേ നടത്തുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സർവ്വേ ചെയ്യുകയും പെരുമ്പട്ടി വില്ലേജിലെ കൈവശക്കാരുടെ ഭൂമി വന ഭൂമിക്കു പുറത്തായി സ്ഥിതി ചെയ്യുന്നതായും മനസിലാക്കാൻ സാധിച്ചതായി റാന്നി ഡിവിഷണൽ ഫോറസ്ററ് ഓഫീസർ ഇടക്കാല മറുപടി നൽകിയിട്ടുണ്ട് വനംവകുപ്പിന്റെ വർക്കിംഗ് പ്ലാൻ പ്രകാരം വലിയകാവ് റിസേർവിന്റെ വിസ്തൃതി 716.70 ഹെക്ടർ (1771 ഏക്കർ) മാത്രമാണ്. സെക്ഷൻ 4 നോട്ടിഫിക്കേഷൻ F(A)2 - 1089/ 57/AD dated 31/05/1958 gazette dated 10/06/1958 പ്രകാരവും വലിയകാവ് റിസേർവിന്റെ വിസ്തൃതി 1771 ഏക്കർ ആണ്. എന്നാൽ വനവകുപ്പ് നിലവിൽ കൈവശം വെച്ചിരിക്കുന്നത് 2141.07 ഏക്കർ ആണ്. ആയതിനാൽ ഇപ്രകാരമുള്ള അധിക വിസ്തീർണം പെരുമ്പട്ടിയിലെ കൈവശ കർഷകരുടെ ഭൂമിയാണെന്ന് അനുമാനിക്കാവുന്നതാണ്. പെരുമ്പെട്ടി വില്ലേജിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററിലെ ഭൂമിയുടെ തരം കാണിക്കുന്ന കോളം 5ൽ പുറമ്പോക്ക് എന്നും ഭൂഉടമയുടെ പേര് കാണിക്കുന്ന കോളം 9ൽ സർക്കാർ എന്നും റിമാർക്സ് കോളം 10ൽ ചിലതിൽ കൈവശക്കാരുടെ പേരുവിവരങ്ങളും മറ്റ് ചിലതിൽ റിസർവ് എന്നും രേഖപ്പെടുത്തിയിരിക്കുന്നു. കൂടാതെ മല്ലപ്പള്ളി താലൂക്കിലെ പെരുമ്പട്ടി വില്ലേജിലെ കൈവശങ്ങൾ കൂടി സംയുക്ത പരിശോധനയിൽ ഉൾപ്പെട്ടു പോയതിനാലും പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലായതിനാലും കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | പ്രശ്നങ്ങൾ പരിഹരിച്ച് ഇവിടത്തെ കൈവശകർഷകർക്ക് എന്നത്തേക്ക് പട്ടയം നൽകാൻ കഴിയും എന്ന് പറയാമോ? | (സി) | വനഭൂമിയാണ് എന്ന തെറ്റിദ്ധാരണയിൽ 01/01/1977ന് മുമ്പ് വന ഭൂമി കൈയ്യേറി കൈവശം വച്ച് വരുന്ന ഭൂമിക്ക് പട്ടയം അനുവദിക്കുന്നതിലേയ്ക്കായി വനം വകുപ്പുമായി ചേർന്നു നടത്തിയ സംയുക്ത പരിശോധനയിൽ മല്ലപ്പള്ളി താലൂക്കിലെ പെരുമ്പെട്ടി വില്ലേജിലെ കൈവശങ്ങളും ഉൾപ്പെട്ടിട്ടുള്ളതാണ്. അപ്രകാരം സംയുക്ത പരിശോധനയിൽ വനഭൂമി കയ്യേറിയിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ള 1970.04 ഹെക്ടർ ഭൂമിയ്ക്ക് പട്ടയം നൽകുന്നതിന് കേന്ദ്ര ഗവൺമെന്റിൽ നിന്നും അനുമതിയ്ക്കായി പ്രൊപോസൽ സമർപ്പിച്ചിട്ടുണ്ട്. പെരുമ്പട്ടി |

| | | | | |
|---|---|---|---|---|
| | | | | വില്ലേജിലെ ഭൂമിയുമായി ബന്ധപ്പെട്ട നിലവിൽ കൈവശം വച്ചിരിക്കുന്ന ഭൂമി വനംവകുപ്പിന്റെ 31/5/1958 ലെ നോട്ടിഫിക്കേഷൻ നം. F(A)2-1089/57/ AD ന്റെ പരിധിക്കു പുറത്താണോ പരിധിയ്ക്കുള്ളിലാണോ എന്നത് സംബന്ധിച്ച് തർക്കം നിലനിൽക്കുന്നതിനാൽ ടി സർവ്വേ നമ്പറിൽപ്പെട്ട മൊത്തം ഭൂമിയും വീണ്ടും ജോയിന്റ് സർവ്വേ നടത്തുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സർവ്വേ ചെയ്യുകയും പെരുമ്പട്ടി വില്ലേജിലെ കൈവശക്കാരുടെ ഭൂമി വന ഭൂമിക്കു പുറത്തായി സ്ഥിതി ചെയ്യുന്നതായും മനസിലാക്കാൻ സാധിച്ചതായി റാന്നി ഡിവിഷണൽ ഫോറസ്ററ് ഓഫീസർ ഇടക്കാല മറുപടി നൽകിയിട്ടുണ്ട് വനംവകുപ്പിന്റെ വർക്കിംഗ് പ്ലാൻ പ്രകാരം വലിയകാവ് റിസേർവിന്റെ വിസ്തൃതി 716.70 ഹെക്ടർ (1771 ഏക്കർ) മാത്രമാണ്. സെക്ഷൻ 4 നോട്ടിഫിക്കേഷൻ F(A)2 - 1089/ 57/AD dated 31/05/1958 gazette dated 10/06/1958 പ്രകാരവും വലിയകാവ് റിസേർവിന്റെ വിസ്തൃതി 1771 ഏക്കർ ആണ്. എന്നാൽ വനവകുപ്പ നിലവിൽ കൈവശം വെച്ചിരിക്കുന്നത് 2141.07 ഏക്കർ ആണ്. ആയതിനാൽ ഇപ്രകാരമുള്ള അധിക വിസ്തീർണം പെരുമ്പട്ടിയിലെ കൈവശ കർഷകരുടെ ഭൂമിയാണെന്ന് അനുമാനിക്കാവുന്നതാണ്. പെരുമ്പെട്ടി വില്ലേജിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററിലെ ഭൂമിയുടെ തരം കാണിക്കുന്ന കോളം 5ൽ പുറമ്പോക്ക് എന്നും ഭൂഉടമയുടെ പേര് കാണിക്കുന്ന കോളം 9ൽ സർക്കാർ എന്നും റിമാർക്സ് കോളം 10ൽ ചിലതിൽ കൈവശക്കാരുടെ പേരുവിവരങ്ങളും മറ്റ് ചിലതിൽ റിസർവ് എന്നും രേഖപ്പെടുത്തിയിരിക്കുന്നു. കൂടാതെ മല്ലപ്പള്ളി താലൂക്കിലെ പെരുമ്പട്ടി വില്ലേജിലെ കൈവശങ്ങൾ കൂടി സംയുക്ത പരിശോധനയിൽ ഉൾപ്പെട്ടു പോയതിനാലും പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലായതിനാലും കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ